an expert. I know it is an enormous work and it cannot be done with the staff at your disposal, I know it must be organised on a broad scale by a very intelligent man who knows all these things. One can easily know the articles that are consumed in our countries. One can easily organise those industries, teach our people how to make these articles and if you encourage them to make their own articles and make them use those articles that will find work for them. So large scale industries will not help these people. If they are started by capitalists, their main object will be to gain profit. It may perhaps give employment to a few persons. But that is only a secondary concern of the promoters. The concern of the promoters ought to be the welfare of the masses and the people. If that is the concern of the Government it is up to them to spend the amount, it is up to them to employ an expert and even if necessary to form a separate department to organise the industries all over the State and improve the earning capacity of the masses. With these few words I commend the resolution for the acceptance of this House.

Resolution was, put and carried.

36. Revision of the rules governing Travelling and Daily Allowances.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— "യാത്ര ചെയ്യേണ്ട അവസരങ്ങൾ വരുമ്പോൾ താഴ്ന്ന ശമ്പളക്കാരായ ഗവൺമെണ്ടുദ്യോഗസ്ഥന്മാർ സഹിക്കേണ്ടിവരുന്ന നഷ്ടത്തെ പരിഹരിക്കുമാറ് ട്രാവലിംഗ് അലവൻസിനേയും ഡെയിലി അലവൻസിനേയും സംബന്ധിക്കുന്ന നിയമങ്ങൾ പുതുക്കണമെന്ന് ഈ സഭ ഗവൺമെണ്ടിനോട് ശുപാർശ ചെയ്യുന്നു."

സർ, ഇതിനെ ഉദ്യോഗസ്ഥമെമ്പർമാരും അനുദ്യോഗസ്ഥ മെമ്പർമാരും ഒന്നുപോലെ സ്വീകരിക്കുമെന്ന് വിശ്വസിയ്ക്കുന്നു. ഉദ്യോഗസ്ഥമെമ്പറന്മാരാണെങ്കിൽ ഇതിന് വിരോധംപറയാൻ ന്യായം ഇല്ല. എന്തെന്നാൽ താഴ്ന്ന ശമ്പളക്കാരായ ശിപായികളുടെ ജോലിത്തന്നെ മുണ്ടഴിച്ചു നനയ്ക്കുക, കുട്ടികളെ നോക്കുക മുതലായതാണ്. അവരെ ഇതിനല്ല നിയമിച്ചിരിക്കുന്നതെങ്കിലും ഇങ്ങിനെയൊക്കെയാണ് നടക്കുന്നതെന്നുള്ളത് ഒരു പരസ്യമായ രഹസ്യമാണ്. അതുകൊണ്ട് ആ സാധുക്കൾക്കു എന്തെങ്കിലും കിട്ടുന്ന കാര്യത്തിൽ അവർ വിസമ്മതം പ്രദർശിപ്പിക്കുമെന്നു തോന്നുന്നില്ല. ഫാ-ം ഫു-ം ഫാ-ം തുപ ശമ്പളമുള്ള സാധുക്കൾ രാപകലില്ലാതെ ജോലിചെയ്തു പട്ടിണി കിടക്കു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്ന ഒരു പട്ടിണി പട്ടാളം നമ്മുടെ നാട്ടിൽ ഉണ്ട്. അവക്ക് കൊടുത്തി രുന്ന ഒരു ചെറിയ അലവൻസ്, കാലക്ഷാമത്തിന്റെ പേർപറഞ്ഞു് ശമ്പളം കട്ടചെയ്ത അവസരത്തിൽ കട്ട് ചെയ്യുക ഉണ്ടായി. എന്നാൽ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ അങ്ങിനെ ഒന്നും ഇല്ലതാ നും. ആ പാവപ്പെട്ടവരുടെ കഷ്ടം നികത്താൻ വേണ്ട ഒരു ശ്രമ വും ചെയ്യുകാണുന്നില്ല. അവരുടെ കാര്യത്തിൽ വളരെ സങ്കടം തോ ന്നുന്നുണ്ട്. അവർ തുച്ഛമായ ഒരു സംഖ്യകൊണ്ട് ഭാര്യയേയും കുട്ടിക ളേയും മറ്റും എങ്ങിനെ പുലർത്തും. നിവൃത്തിഇല്ല. എന്നാൽ ഇവരുടെ കാര്യത്തെറിച്ചു പറയുമ്പോൾ ഗവമ്മെണ്ട പറയുന്നത് അവക്ക് പുറ മെനിന്നു വല്ലതും കിട്ടുന്നുണ്ടെന്നാണ്. അതു പറയുന്നതു ശരിയല്ല. അവരെ സഹായിക്കാൻ പണമില്ല. ഇതിലും കുറഞ്ഞ ശമ്പളത്തിനു് ജോലിനോക്കാൻ പലരും ഉണ്ട് എന്നുള്ള കാരണമാണ് പറയുന്ന തെങ്കിൽ ഞാനൊന്നു പറയാം. നിങ്ങൾ നോക്കുന്ന ഈ വലിയ ഉദ്യോ ഗം ഒരുകാശു പ്രതിഫലം വാങ്ങിക്കാതെ നോക്കാൻതക്ക മനഃസ്ഥിതി യുള്ളവർ നമ്മുടെ രാജ്യത്തിൽ ഉണ്ട്. നിങ്ങൾ അവക്കുവേണ്ടി നിങ്ങളു ടെ സ്ഥാനം ഒഴിഞ്ഞുകൊടുത്തു ഗവമ്മെണ്ടിനു് പണമുണ്ടാക്കിക്കൊടു ക്കാൻ സാധിക്കുമോ? ഞാൻതന്നെ ഗവമ്മെണ്ടിനു് കൊല്ലത്തിൽ ൨൦൦൦ രൂപ മിലവുള്ള ഒരു ഉദ്യോഗം പ്രതിഫലംകൂടാതെ നോക്കി ക്കൊള്ളാം; അനുവദിച്ചുത്തരവുണ്ടാകണമെന്നാപേക്ഷിച്ചു. എനിക്കു് ശമ്പളംകിട്ടാൻ വേണ്ടിയല്ല. എന്നാൽ ഇതൊക്കെ ആരുനോക്കുന്നു. അതുകൊണ്ട് അതൊന്നും പറയാതെ ഈ പാവങ്ങളുടെ കാര്യത്തിൽ ദയവുവിചാരിച്ചു, ഈ അലവൻസ് കൊണ്ട് ഒരു നേരമെങ്കിലും ആഹാ രംകഴിക്കാനുതകുന്ന ഈ പ്രമേയത്തെ ഉദ്യോഗസ്ഥമെമ്പറന്മാരും അന്യ ദ്യോഗസ്ഥമെമ്പറന്മാരും അനുകൂലിക്കണമെന്നാപേക്ഷിച്ചുകൊണ്ട് ഞാ ൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

The House rose for the day at 4-50 p. m.

B. V. KRISHNANKUTTY MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly